# കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി

ഹജ്ജ് ഹൗസ്, പി.ഒ. കാലിക്കറ്റ് എയർപോർട്ട്, മലപ്പുറം - 673 647.
ഫോൺ: 0483 - 2710717 ഫാക്സ്: 0483 - 2717572

Ref.: H2-01/HAJ/2018 തിയ്യതി: 13-11-17

## 2018 ഹജ്ജിന് അപേക്ഷിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

1. **അപേക്ഷാഫോറം:- ഹജ്ജ് കമ്മിറ്റിയുടെ www.hajcommittee.gov.in, www.keralahaj committee.org എന്നീ വെബ്സൈറ്റിൽ നിന്നും ഓൺലൈൻ ആയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. "HAJ COMMITTTEE OF INDIA" എന്ന മൊബൈൽ അപ്ലിക്കേഷൻ വഴിയും അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടാതെ മാർഗ്ഗനിർദ്ദേശങ്ങളും, മറ്റും ഹജ്ജ് കമ്മിറ്റിയുടെ വെബ്സൈറ്റിൽ ലഭ്യമാണ്.**

2. **പാസ്പോർട്ട്:- 14-02-2019** വരെ കാലാവധിയുള്ളതും **07-12-2017**നുള്ളിൽ ഇഷ്യു ചെയ്തതുമായ മെഷീൻ റീഡബിൾ പാസ്പോർട്ട് ഉണ്ടായിരിക്കണം. കേടുവന്നതോ പേജുകൾ മുറിച്ചൊഴിവാക്കിയതോ, രണ്ടുപേജെങ്കിലും ബാക്കിയില്ലാത്തതോ ആയ പാസ്പോർട്ടുകൾ സ്വീകരിക്കുന്നതല്ല. കുടുംബ ബന്ധമുള്ള പരമാവധി **നാല് (4) പേർക്ക്** വരെ ഒരു കവറിൽ അപേക്ഷിക്കാവുന്നതാണ്. കവർ ലീഡർ പുരുഷനായിരിക്കണം. കവറിലുൾപ്പെട്ട അപേക്ഷകരുടെ പണമിടപാടിന്റെ ചുമതല കവർ ലീഡർക്കുള്ളതാണ്.

   സ്ത്രീകൾ ഒറ്റക്ക് അപേക്ഷ സമർപ്പിക്കുവാൻ പാടില്ല.* ഒന്നിച്ച് യാത്ര അനുവദനീയമായ പുരുഷന്മാരോടൊപ്പമാണ് (മെഹ്റം) സ്ത്രീകൾ അപേക്ഷ സമർപ്പിക്കേണ്ടത്.

   * എന്നാൽ 15-11-2017 ന് 45 വയസ്സ് പൂർത്തിയായ നാല്(4) സ്ത്രീകൾക്ക് ഒരു കവറിൽ പുരുഷ മെഹ്റം ഇല്ലാതെ ഇസ്ലാമിക മദ്ഹബുകളുടെ അടിസ്ഥാനത്തിൽ അപേക്ഷിക്കാവുന്നതാണ്. പ്രസ്തുത സ്ത്രീകൾ (4പേരും) ഹജ്ജ് യാത്രയിൽ ഒപ്പമുണ്ടായിരിക്കണം.

3. **താഴെ പറയുന്ന വ്യക്തികൾ ഹജ്ജ് 1439(H) 2018-ന് അപേക്ഷ സമർപ്പിക്കുവാൻ പാടില്ല.**

   എ) ജനറൽ വിഭാഗത്തിൽ ഹജ്ജ് കമ്മിറ്റി മുഖേന ജീവിതത്തിലൊരിക്കലെങ്കിലും ഹജ്ജ് ചെയ്തവർ. (ഈ കാര്യത്തിൽ നിശ്ചിത മാതൃകയിലുള്ള സത്യപ്രസ്താവന അപേക്ഷയോടൊപ്പം സമർപ്പിക്കണം. വസ്തുതകൾ മറച്ച് വെച്ച് ഹജ്ജിന് അപേക്ഷിക്കുന്നവരുടെ അടച്ച തുക കണ്ടുകെട്ടുന്നതും നിയമനടപടി സ്വീകരിക്കുന്നതുമാണ്).

   ബി) ടി.ബി., എയിഡ്സ്, മറ്റു സാംക്രമിക രോഗങ്ങളുള്ളവർ അംഗവൈകല്യം, ബുദ്ധിമാന്ദ്യം തുടങ്ങിയ ശാരീരിക പ്രശ്നങ്ങളുള്ളവർ. സി) കോടതി വിദേശയാത്ര നിരോധിച്ചിട്ടുള്ളവർ. (ഡി) യാത്രാ സമയത്ത് പൂർണ്ണ ഗർഭിണികളായ സ്ത്രീകൾ.

4. ഇൻഫന്റ്: **30-09-2018-**ന് രണ്ട് വയസ്സ് പൂർത്തിയാകാത്ത കുട്ടികൾക്ക് അവരുടെ മാതാപിതാക്കളോടൊപ്പം അപേക്ഷിക്കാവുന്നതാണ്. ഇവരിൽ നിന്നും വിമാനയാത്രാ നിരക്കിന്റെ 10% ഈടാക്കുന്നതാണ്. മേൽ തിയ്യതിക്ക് മുമ്പ് രണ്ട് വയസ്സ് പൂർത്തിയാകുന്നവർക്ക് മുഴുവൻ തുകയും അടക്കേണ്ടതാണ്.

5. **അപേക്ഷകൻ താമസിക്കുന്ന സംസ്ഥാനത്തെ ഹജ്ജ് കമ്മിറ്റിക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഒരാൾ ഒന്നിലധികം സംസ്ഥാനത്ത് അപേക്ഷ സമർപ്പിക്കുകയോ, ഒന്നിലധികം അപേക്ഷകൾ സമർപ്പിക്കുകയോ ചെയ്യരുത്. ഒന്നിലധികം അപേക്ഷകൾ സമർപ്പിച്ചതായി തെളിഞ്ഞാൽ ആ അപേക്ഷകനുൾപ്പെടുന്ന എല്ലാ അപേക്ഷകളും നിരസിക്കുന്നതും നിയമനടപടികൾ സ്വീകരിക്കുന്നതുമാണ്.**

6. അപേക്ഷയിൽ അപേക്ഷകന്റെ ഏറ്റവും പുതിയ 3.5cmx3.5cm വലിപ്പമുള്ള വെളുത്ത പ്രതലത്തോട് കൂടിയ കളർ ഫോട്ടോ (**വൈറ്റ് ബാക്ക് ഗ്രൗണ്ടുള്ളതും 70% മുഖം വരുന്നതും**) പതിക്കേണ്ടതാണ്.

7. **ഒറിജിനൽ പാസ്പോർട്ട് അപേക്ഷയോടൊപ്പം നിർബന്ധമായും സമർപ്പിക്കേണ്ട റിസർവ്വ് കാറ്റഗറിയിലെ (70 വയസ്സ് വിഭാഗം) അപേക്ഷകൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10മണി മുതൽ വൈ. 3 മണി വരെ കരിപ്പൂരിലെ ഹജ്ജ് കമ്മിറ്റി ഓഫീസ്സിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്. റിസർവ്വ് കാറ്റഗറിയിലെ അപേക്ഷകർ പാസ്പോർട്ടിനോടൊപ്പം ഒരു ഫോട്ടോയും സമർപ്പിക്കേണ്ടതാണ്. (ഫോട്ടോ 70% മുഖവും വെളുത്ത പ്രതലത്തോട് കൂടിയുള്ള കളർ ഫോട്ടോയായിരിക്കണം.)**

   **വിദേശരാജ്യങ്ങളിലുള്ളവർക്ക് പാസ്സ്പോർട്ട് സമർപ്പിക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണെങ്കിൽ (പരമാവധി 15-04-2018-വരെ) സമയം നീട്ടിത്തരുന്നതിനായുള്ള അപേക്ഷ താഴെ പറയുന്ന രേഖകൾ സഹിതം സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് സമർപ്പിക്കണം:-**

   1) അപേക്ഷ 2) പാസ്സ്പോർട്ടിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് 3) വർക്കിംഗ് / റസിഡൻസ് വിസയുടെ പകർപ്പ് 4) ജോലി ചെയ്യുന്ന കമ്പനിയുടെ കത്ത്/സാക്ഷ്യപത്രം.

8. **റിസർവ്വ്ഡ് കാറ്റഗറി (70+):**

   **14-11-2017ന് 70 വയസ്സ് പൂർത്തിയായവരെ (15-11-1947-നോ അതിനു മുമ്പോ ജനിച്ചവർ) താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി റിസർവ്ഡ് കാറ്റഗറി-എയിൽ ഉൾപ്പെടുത്തുന്നതാണ്.**

   **i) 70 വയസ്സ് കഴിഞ്ഞ ആളുടെ കൂടെ ഒരു സഹായി നിർബന്ധമായും ഉണ്ടായിരിക്കണം.**

   **ii) 70 വയസ്സ് കഴിഞ്ഞവരും സഹായിയും ജീവിതത്തിലൊരിക്കലും ഹജ്ജ് കമ്മിറ്റി മുഖേനയോ അല്ലാതെയോ ഹജ്ജ് ചെയ്തിട്ടുണ്ടായിരിക്കുവാൻ പാടില്ല, എന്നാൽ അത്തരം സഹായികൾ ലഭ്യമല്ലെങ്കിൽ മാത്രം മുഴുവൻ വിമാനക്കൂലിയും അടക്കുവാൻ തയ്യാറുള്ള സഹായിയെ നിശ്ചിത മാതൃകയിലുള്ള സത്യപ്രസ്താവന നൽകിയാൽ റിസ്സർവ്വ് എ.യിൽ ഉൾപ്പെടുത്തുന്നതാണ്. ഇത്തരം അപേക്ഷകർ (റിപീറ്റേർസ്) കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ ഹജ്ജോ/ഉംറയോ ചെയ്തവരാണെങ്കിൽ 2000 സൗദി റിയാൽ (SR2000) അധികമായി അടക്കേണ്ടതാണ്.**

-മറുപുറം

**iii) സഹായിയായി ഉൾപ്പെടുത്തുന്ന വ്യക്തി - ഭാര്യ/ഭർത്താവ്, മകൻ/മകൾ, മകളുടെ ഭർത്താവ്/മകന്റെ ഭാര്യ, സഹോദരൻ/സഹോദരി, പേരമകൻ/പേരമകൾ(കൊച്ചുമക്കൾ), സഹോദര പുത്രൻ/സഹോദര പുത്രി എന്നിവയിലാരെങ്കിലുമായിരിക്കണം. (ഇവരുടെ ബന്ധം തെളിയിക്കുന്നതിന് മതിയായ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കണം). മറ്റൊരു ബന്ധുവിനേയും സഹായിയായി അനുവദിക്കുന്നതല്ല.**

**iv) 70 വയസ്സിന്റെ റിസർവ്വ് കാറ്റഗറിയിൽ തെരഞ്ഞെടുക്കപ്പെട്ട വ്യക്തി/സഹായി യാത്ര റദ്ദ് ചെയ്യുകയാണെങ്കിൽ കൂടെയുള്ളവരുടെ യാത്രയും റദ്ദാകുന്നതാണ്.**

**v) നിർദ്ദിഷ്ട മാതൃകയിലുള്ള സത്യപ്രസ്താവന സമർപ്പിക്കേണ്ടതാണ്.**

**vi) ഒറിജിനൽ പാസ്പോർട്ടും, അതിന്റെ കോപ്പിയും** 3.5cmx3.5cm **വലിപ്പമുള്ള കളർ ഫോട്ടോയും (വൈറ്റ് ബാക്ക് ഗ്രൗണ്ടുള്ളതും 70% മുഖം വരുന്നതും) അപേക്ഷയോടൊപ്പം സമർപ്പിക്കണം.**

**ജനറൽ കാറ്റഗറി:- ഹജ്ജ് കമ്മിറ്റി മുഖേന ജീവിതത്തിലൊരിക്കലും ഹജ്ജ് ചെയ്തിട്ടില്ലാത്തവർക്ക് ഈ വിഭാഗത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇവർ നിർദ്ദിഷ്ട മാതൃകയിലുള്ള സത്യപ്രസ്താവന അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.**

9. അക്കമ്മഡേഷൻ കാറ്റഗറി ഗ്രീൻ, അസീസിയ എന്നിവയിലേതെങ്കിലും ഒന്ന് അടയാളപ്പെടുത്തേണ്ടതാണ്. **ഒരു കോളവും അടയാളപ്പെടുത്തിയില്ലെങ്കിൽ അവർ അസീസിയ കാറ്റഗറി തെരഞ്ഞെടുത്തതായി കണക്കാക്കുന്നതാണ്.** ഒരു കവറിലുള്ള എല്ലാവരും ഒരേ കാറ്റഗറി അടയാളപ്പെടുത്തണം. ഒരു കവറിൽ വ്യത്യസ്ത കാറ്റഗറികൾ അടയാളപ്പെടുത്തിയാൽ മുഖ്യ അപേക്ഷകൻ തെരഞ്ഞെടുത്ത കാറ്റഗറിയായിരിക്കും പരിഗണിക്കുക.

10. **പണമടക്കൽ:- 1)ഓരോ അപേക്ഷയോടൊപ്പവും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെയോ, യൂനിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെയോ ഏതെങ്കിലും ശാഖയിൽ ഒരാൾക്ക് 300രൂപ വീതം പ്രോസസിംഗ് ചാർജ്ജ്, അപേക്ഷയോടൊപ്പം ലഭിക്കുന്ന പേ-ഇൻ-സ്ലിപ് ഉപയോഗിച്ച് നിക്ഷേപിച്ചതിന്റെ ഒറിജിനൽ ഉള്ളടക്കം ചെയ്തിരിക്കണം. ഈ തുക തിരിച്ചുനൽകുന്നതല്ല. ഡിമാന്റ് ഡ്രാഫ്റ്റോ, പണമോ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.** ഒരു കവറിൽ ഒന്നിൽകൂടുതൽ അപേക്ഷകരുണ്ടെങ്കിൽ മുഴുവൻപേരുടെയും തുക ഒന്നിച്ചടക്കേണ്ടതാണ്. ഇൻഫന്റിന് (2 വയസ്സിന് താഴെ) പ്രോസസിംഗ് ചാർജ്ജ് അടക്കേണ്ടതില്ല.

11. **1439(H) 2018 ഹജ്ജിനുള്ള അപേക്ഷ** (ഓൺലൈനും ഓഫ്ലൈനും) **എക്സിക്യൂട്ടീവ് ഓഫീസ്സർ, കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി ഓഫീസ്, ഹജ്ജ് ഹൗസ്, കാലിക്കറ്റ് എയർപോർട്ട് പി.ഒ., മലപ്പുറം - 673 647 എന്ന വിലാസത്തിൽ 07-12-2017-ന് വൈകു. 3 മണിക്കുമുമ്പായി ലഭിക്കത്തക്കവിധം രജിസ്റ്റേർഡ് തപാലിലോ /സ്പീഡ് പോസ്റ്റിലോ/കൊറിയർ മുഖേനയോ, നേരിട്ടോ സമർപ്പിക്കേണ്ടതാണ്. അവസാന തിയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.**

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടത്:-**

(1) കവർലീഡറുടെ മേൽവിലാസമെഴുതിയ **41**രൂപ സ്റ്റാമ്പൊട്ടിച്ച ഒരു കവർ (2) പാസ്പോർട്ടിന്റെ ഫോട്ടോകോപ്പി, (റിസർവ്വ് 70+ ഒറിജിനൽ പാസ്പോർട്ടും സമർപ്പിക്കണം) (3) അപേക്ഷകന്റെ മേൽവിലാസം പാസ്പോർട്ടിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ അഡ്രസ്സ് പ്രൂഫ് (റേഷൻ കാർഡ്/ഇലക്ഷൻ ഐഡന്റിറ്റി കാർഡ്/ഡ്രൈവിംഗ് ലൈസൻസ്/ഇലക്ട്രിസിറ്റിബിൽ/ ലാന്റ്ലൈൻ ടെലിഫോൺബിൽ ഇവയിൽ ഏതെങ്കിലുമൊന്നിന്റെ കോപ്പി) (4) ക്യാൻസൽ ചെയ്ത IFS കോഡുള്ള ബാങ്ക് ചെക്കിന്റെ/പാസ്ബുക്കിന്റെ കോപ്പി (5) പണമടച്ച ഒറിജിനൽ പേ-ഇൻ സ്ലിപ്പ്.

അപേക്ഷ അയക്കുന്ന കവറിന് പുറത്ത് "ഹജ്ജ് അപേക്ഷ- 2018"എന്നും, മൊത്തം അപേക്ഷകരുടെ എണ്ണവും കാറ്റഗറിയും (റിസർവ്വ് 70+/ ജനറൽ) എഴുതേണ്ടതാണ്.

12. അപേക്ഷയുടെയും ഉള്ളടക്കങ്ങളുടെയും (പാസ്സ്പോർട്ടുൾപ്പെടെ) ഫോട്ടോ കോപ്പിയെടുത്ത് നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. സ്വീകാര്യമായ അപേക്ഷകൾക്ക് കവർ നമ്പർ അലോട്ട് ചെയ്ത് തപാൽ മാർഗം മുഖ്യ അപേക്ഷകന് അയച്ചുകൊടുക്കുന്നതാണ്. **14-12-2017**നകം കവർ നമ്പർ ലഭിച്ചിട്ടില്ലെങ്കിൽ അപേക്ഷയുടെ ഫോട്ടോ കോപ്പി സഹിതം ഹജ്ജ് കമ്മിറ്റി ഓഫീസ്സുമായി **18-12-2017** മുമ്പായി ബന്ധപ്പെടേണ്ടതാണ്. **അതിന് ശേഷം ലഭിക്കുന്ന പരാതികളൊന്നും സ്വീകരിക്കുന്നതല്ല.**

13. **ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശങ്ങൾ ആവശ്യമാണെങ്കിൽ ഹജ്ജ് കമ്മിറ്റിയുടെ ഔദ്യോഗിക ഹജ്ജ് ട്രൈനറുടെ സഹായം തേടാവുന്നതാണ്.**

**ഹജ്ജ് കമ്മിറ്റിക്ക് ഏജൻസികളോ അനുബന്ധ സ്ഥാപനങ്ങളോ ഇല്ല. വ്യക്തികളോ സംഘടനകളോ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ഹജ്ജ് കമ്മിറ്റിക്ക് യാതൊരുവിധ ഉത്തരവാദിത്വവുണ്ടായിരിക്കില്ല.**

14. **തെരഞ്ഞെടുക്കപ്പെട്ടവർ: ഹജ്ജ്-2018-ന് തെരഞ്ഞെടുക്കപ്പെടുന്നവർ** വിദേശ വിനിമയ സംഖ്യ/ വിമാനക്കൂലിയിനത്തിൽ അഡ്വാൻസായി **81,000**രൂപ എസ്.ബി.ഐ.യുടെയോ, യൂനിയൻ ബാങ്ക് ഓഫ് ഇന്ത്യയടെയോ ഏതെങ്കിലും ശാഖയിൽ അതാത് അപേക്ഷകരുടെ **ബാങ്ക് റഫറൻസ് നമ്പറുപയോഗിച്ച്** നിക്ഷേപിച്ചതിന്റെ പേ-ഇൻ സ്ലിപ്പ്, ഒർജിനൽ പാസ്പോർട്ട് (ഒരു ഫോട്ടോ സഹിതം), നിർദ്ധിഷ്ട മാതൃകയിലുള്ള **മെഡിക്കൽ സർട്ടിഫിക്കറ്റ്** എന്നിവ അറിയിപ്പനുസരിച്ച് സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് നേരിട്ട് സമർപ്പിക്കേണ്ടതാണ്.

**രേഖകൾ നിശ്ചിതസമയത്തിനകം സമർപ്പിക്കാത്തവരുടെ തെരഞ്ഞെടുപ്പ് മറ്റൊരറിയിപ്പും കൂടാതെ റദ്ദാകുന്നതും അത്തരം സീറ്റുകളിലേക്ക് വെയ്റ്റിംഗ് ലിസ്റ്റിലുള്ള അപേക്ഷകരെ സീനിയോറിറ്റി പ്രകാരം തെരഞ്ഞെടുക്കുന്നതുമാണ്.**

(ഒപ്പ്)
ജില്ലാ കളക്ടർ, മലപ്പുറം & എക്സിക്യൂട്ടീവ് ഓഫീസർ
കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി